"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പ്-ജീവനക്കാര്യം -വിശാല കൊച്ചി വികസന അതോറിറ്റിയിൽ സെക്രട്ടറി - നിയമനം- ഗോശ്രീ ഐലന്റ്സ് വികസന അതോറിറ്റി പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.2624/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/11/2019

---

പരാമർശം:- 1 25.10.2019 തീയതിയിലെ സ.ഉ(സാധാ)നമ്പർ 2375/2019/ത.സ്വ.ഭ.വ

2 ശ്രീമതി ജിനുമോൾ വർഗ്ഗീസ് സമർപ്പിച്ച 30.10.2019 തീയതിയിലെ നിവേദനം.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി. ജിനുമോൾ വർഗ്ഗീസിനെ വിശാല കൊച്ചി വികസന അതോറിറ്റിയിൽ (GCDA) സെക്രട്ടറിയായി നിലവിലുള്ള ഡെപ്യൂട്ടേഷൻ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിൽ ടിയാൾക്ക് ഗോശ്രീ ഐലന്റ്സ് വികസന അതോറിറ്റിയിലെ (GIDA) പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല കൂടി നൽകിയിരുന്നു. എന്നാൽ ടിയാൾക്ക് പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല കൂടി നിർവ്വഹിക്കുന്നത് ശ്രമകരമാണെന്ന് പരാമർശം രണ്ട് പ്രകാരം ടിയാരി അറിയിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗോശ്രീ ഐലന്റ്സ് വികസന അതോറിറ്റി ടൗൺ പ്ലാനർ ശ്രീ. ഗോപകുമാർ കെ.എം-ന് ഗോശ്രീ ഐലന്റ്സ് വികസന അതോറിറ്റിയിലെ (GIDA) പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം ഒന്നിലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

മുഖ്യനഗരാസൂത്രക, തിരുവനന്തപുരം

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി/ ഗോശ്രീ ഐലന്റ്സ് വികസന അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീ. ഗോപകുമാർ കെ.എം. ടൗൺ പ്ലാനർ (മുഖ്യ നഗരാസൂത്രക മുഖേന)

ശ്രീമതി. ജിനുമോൾ വർഗ്ഗീസ്, ടൗൺ പ്ലാനർ (മുഖ്യ നഗരാസൂത്രക മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ